പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 6500 — 09. 07. 2014 ൽ മറുപടിക്ക്

## വൈദ്യുതി അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം. ചന്ദ്രൻ | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) | |
| (എ) | കെ. എസ്.ഇ.ബി ജീവനക്കാരുടെയും കരാർ തൊഴിലാളികളുടെയും അപകട മരണങ്ങൾ മുൻകാലങ്ങളിലേതിനേക്കാൾ കൂടുതലായി ഉണ്ടാകുന്നുണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ അപകടങ്ങൾ ഒഴിവാക്കുന്നതിന് അറ്റകുറ്റപ്പണികൾ ചെയ്യുമ്പോൾ നിർബന്ധമായും പാലിക്കേണ്ട സുരക്ഷാക്രമീകരണങ്ങളെ സംബന്ധിച്ച് ബോർഡ് ജീവനക്കാർക്കും കരാർ തൊഴിലാളികൾക്കും കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. 'പെർമിറ്റ് റ്റു വർക്ക്' സിസ്റ്റം ബോർഡിന്റെ എല്ലാ മേഖലകളിലേക്കും വ്യാപിപ്പിക്കുന്നുണ്ട്. ലഭ്യമായ മേൽത്തരം സുരക്ഷാ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സുരക്ഷാ ഉദ്യോഗസ്ഥരും മേൽനോട്ടം വഹിക്കുന്നവരും സുരക്ഷാ പരിപാലന വ്യവസ്ഥകൾ നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട് |

സെക്ഷൻ ഓഫീസർ